കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ പഞ്ചായത്ത് - "വിജയഭേരി" പദ്ധതി നടപ്പാക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ) നം.3693/2017/തസ്വഭവ തിരുവനന്തപുരം, തീയതി :15/11/2017.

വായന:- 1. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 10/10/2017 ലെ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01/11/2017 -ലെ 4.27 നമ്പർ തീരുമാനം.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിൽ ഇടപെടാനുള്ള അവസരം ഫലപ്രദമായി വിനിയോഗിച്ച് 2002-03 കാലയളവ് മുതൽ നടപ്പാക്കിവരുന്ന മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 'വിജയഭേരി' പദ്ധതി തുടർന്നും നടപ്പാക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകണമെന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വായന 1 പ്രകാരം ആവശ്യപ്പെടുകയും മുൻ വർഷങ്ങളിൽ നടപ്പാക്കിയ പ്രോജക്ടായതിനാൽ വായന (2) തീരുമാന പ്രകാരം ആയതിന് അനുമതി നൽകാൻ തീരുമാനിക്കുകയുമുണ്ടായി.

ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് മുൻ വർഷങ്ങളിൽ നടപ്പാക്കിയ 'വിജയഭേരി' എന്ന പ്രോജക്ട് തുടർന്നും നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, മലപ്പുറം
ജില്ലാ കളക്ടർ, മലപ്പുറം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഒ.എസ്) വകുപ്പ്
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ